LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി ദിവാകരൻ: സർ, കുബേര ഓപ്പറേഷനിൽ ഇത് ഉൾപ്പെടുത്തിക്കൂടെ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് രണ്ടും രണ്ടാണ്. നമുക്ക് അതിനെപ്പറ്റി ആലോചിക്കാം. ബഹുമാനപ്പെട്ട സി.പി.ഐ. നേതാവ് ദിവാകരൻ ചൂണ്ടിക്കാണിച്ചത് ഞാൻ പരിശോധിക്കാം. പക്ഷെ, ഒരു കാരണവശാലും മൈക്രോഫിനാൻസിന്റെ പേരിലുള്ള തട്ടിപ്പ് അനുവദിക്കുന്ന പ്രശ്നമില്ല. എൻ.ജി.ഒ. രജിസ്റ്റർ ചെയ്ത് തുടങ്ങുന്നതിനെ നമുക്ക് എതിർക്കാൻ കഴിയില്ല. ഇന്ത്യ ഒട്ടാകെ ധാരാളം എൻ.ജി.ഒ.കൾ ഇത് നടത്തുന്നുണ്ട്. അതിനെ നിരോധിക്കാൻ നമുക്ക് കഴിയില്ല. പക്ഷെ, അതിന്റെ പേരിൽ നടക്കുന്ന തട്ടിപ്പുകൾ ഒരു കാരണവശാലും അംഗീകരിക്കില്ല. എസ്.എൻ.ഡി.പി. ഉണ്ടാക്കിയിട്ടുള്ള എൻ.ജി.ഒ. ക്രമക്കേട് നടത്തിയിട്ടുണ്ടെങ്കിൽ തീർച്ചയായും ശക്തമായ നടപടിയുണ്ടാകും.

(6) വിൽപ്പന നികുതി പിൻവലിക്കൽ

ശ്രീ. വി. ശശി: സർ, 2014-15-ലെ ബഡ്ജറ്റിൽ കൈത്തറി വസ്ത്രങ്ങൾക്ക് ഒരു ശതമാനം ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തിയിരുന്നു. അതിനെതിരെ ഉയർന്ന ശക്തമായ എതിർപ്പിനെത്തുടർന്ന് ഒരു ശതമാനം ടേൺ ഓവർ ടാക്സ് അന്ന് പിൻവലിച്ചു. ഇപ്പോൾ വീണ്ടും ഒരു ശതമാനം സെയിൽ ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നു. സർക്കാർ മാർക്കറ്റിംഗ് ഇൻസെന്റീവ്, റിബേറ്റ് തുടങ്ങിയ ഇനങ്ങളിൽ ധാരാളം ധനസഹായം നൽകിക്കൊണ്ടാണ് കൈത്തറി വസ്ത്രങ്ങൾ വിറ്റഴിക്കാൻ ശ്രമിക്കുന്നത്. ഇപ്പോൾ ഒരു ശതമാനം സെയിൽ ടാക്സ് ഏർപ്പെടുത്തിയതോടെ ശരിക്കും സർക്കാർ ചെയ്യുന്നത് ഒരു കൈകൊണ്ട് നൽകുന്ന സഹായങ്ങൾ മറു കൈകൊണ്ട് തിരിച്ചെടുക്കുകയാണ്. വളരെയേറെ പ്രതിസന്ധി നേരിടുന്ന കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുപകരം സെയിൽസ് ടാക്സ് ഏർപ്പെടുത്തി കൈത്തറി വ്യവസായത്തെ വീണ്ടും ദുർഗതിയിലാക്കുന്ന സ്ഥിതിവിശേഷമാണ് വന്നിരിക്കുന്നത്. അഡീഷണൽ ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തിയ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പ് മന്ത്രിയുമൊക്കെ ഇടപെട്ടാണ് ടാക്സ് ഒഴിവാക്കിയത്. ഈ സെയിൽസ് ടാക്സും അടിയന്തരമായി ഒഴിവാക്കി കൈത്തറി വ്യവസായത്തെ സഹായിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

11.00 AM]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഒരു കോടി രൂപയ്ക്ക് മുകളിലുള്ള തുണിത്തരങ്ങൾ വിൽക്കുന്ന ടെക്സ്റ്റൈൽ സ്ഥാപനങ്ങൾക്ക് രണ്ട് ശതമാനം മൂല്യ വർദ്ധിത നികുതി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൈത്തറിയെ സഹായിക്കണമെന്ന് തന്നെയാണ് നമ്മുടെ ഉദ്ദേശ്യം. പക്ഷെ, കൈത്തറിയുടെ

മറവിൽ ടെക്സ്റ്റൈൽ മിൽസ് വ്യാപകമായിട്ടുള്ള ടാക്സ് ഇവേഷൻ നടത്തുന്ന സ്ഥിതി വന്നു. അങ്ങനെവന്ന സാഹചര്യത്തിലാണ് രണ്ട് ശതമാനം ടേൺ ഓവർ ടാക്സ് എന്നുള്ളത് ഒരു ശതമാനം വാറ്റാക്കി മാറ്റിയത്. അത് കൈത്തറിക്കും ബാധകമാക്കിയിട്ടുണ്ട്. കൈത്തറിയെ സഹായിക്കുന്നതിന് മനസ്സില്ലാത്തതുകൊണ്ടല്ല നമുക്ക് പ്രായോഗികമായിട്ടുള്ള തടസ്സങ്ങൾ വന്നതുകൊണ്ടാണ്. ഇപ്പോൾ ഒരു ശതമാനം മാത്രമാണുള്ളത്. അത് നമുക്ക് ഉപഭോക്താക്കളിൽനിന്ന് വാങ്ങാനും സാധിക്കും. ഇത് കൈത്തറിയെ ദോഷകരമായി ബാധിക്കില്ലെന്ന വിശ്വാസം തന്നെയാണ്.

(7) റബ്ബർ കർഷകർക്ക് ധനസഹായം

ശ്രീ. രാജു എബ്രഹാം: സർ, ഇന്ന് വലിയ ദുരിതത്തിലായിരിക്കുന്ന റബ്ബർ കൃഷിക്കാരെ സഹായിക്കാൻ 300 കോടി രൂപയുടെ പദ്ധതിയാണ് ഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കുന്നത്. ഇതിനോടകം 36 കോടി രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ഇവിടെ പറഞ്ഞത്. ഇത് പരാജയത്തിലേയ്ക്ക് കൂപ്പുകുത്തുകയാണ്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ രജിസ്റ്റർ ചെയ്ത ഏതാനും ചില കൃഷിക്കാർക്ക് മാത്രമാണ് ഇതിന്റെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ളത്. രജിസ്റ്റർ ചെയ്ത കാൽഭാഗം ആളുകൾക്കുപോലും ഒരാനുകൂല്യവും ലഭിച്ചിട്ടില്ല. (ദീപിക പത്രം ഉയർത്തിക്കാട്ടി) ഒരു കിലോ റബ്ബർ കൊടുത്താൽ ഒരു കിലോ മത്തി കിട്ടുകയില്ല. ഇത് ദീപിക പത്രത്തിൽ വന്ന വാർത്തയാണ്. ഇത് പരമദയനീയമാണ്. റബ്ബറിന്റെ വില 97 രൂപയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഈ വർഷത്തെ ഇറക്കുമതി അഞ്ച് ലക്ഷം കവിയുകയാണ്. ഇത്രയും ഗുരുതരമായ ഒരു സ്ഥിതിയിൽ ഈ റബ്ബർ കൃഷിക്കാരെ സഹായിക്കാൻ എന്തെങ്കിലും ക്രിയാത്മകമായ നടപടി സ്വീകരിക്കുമോ? കേരളത്തിലെ മലയോരമേഖല നിശ്ചലമായിരിക്കുകയാണ്. ഈ ദുരിതപൂർണ്ണമായ അവസ്ഥയിൽ വളരെ ക്രിയാത്മകമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. പ്രഖ്യാപനങ്ങളല്ല വേണ്ടത്. റബ്ബർ കൃഷിക്കാരെ സഹായിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, റബ്ബറിന്റെ പ്രശ്നം വളരെ ഗുരുതരമാണ്. 250 രൂപ വരെയുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 100 രൂപയിൽ താഴെയായി. കഴിഞ്ഞ ദിവസം റബ്ബറിന്റെ വില 97 രൂപയായിരുന്നു. ഇത് വളരെ ഗുരുതരമാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇവിടെ പ്രഖ്യാപനങ്ങളല്ല നടപടികളാണ് വേണ്ടത്. ഇതിനുമുമ്പ് റബ്ബർ രംഗത്ത് പ്രതിസന്ധിവന്ന സമയത്ത് സ്വീകരിച്ചിട്ടില്ലാത്ത വിധത്തിലുള്ള ഒരു പുതിയ സ്കീമാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. ഈ വർഷം 300 കോടി രൂപയാണ് ഇതിനായി

LIBRARY ARCHIVES Kerala Legislative Assembly